

# സൗഹൃദ കേരളത്തിന് കൊച്ചു കൂട്ടായ്മകൾ

കവർസ്റ്റോറി

**ശൈഖ് മുഹമ്മദ് കാരകുന്ന്**

**കുറച്ച്** ദിവസം മുമ്പ് കോഴിക്കോട്ട് മുപ്പതിലേറെ ഹൈന്ദവ സഹോദരീ സഹോദരന്മാർ പങ്കെടുത്ത ഒരു ചെറു സദസ്സിനെ അഭിമുഖീകരിക്കാൻ അവസരം ലഭിച്ചു. ഇസ്‌ലാമിനെ സംബന്ധിച്ച അഭിപ്രായപ്രകടനങ്ങൾക്കും അന്വേഷണങ്ങൾക്കും അവസരം നൽകിയപ്പോൾ ഏതാണ്ട് എല്ലാവരും ചോദിച്ചതും പറഞ്ഞതും തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും സംബന്ധിച്ചാണ്. ഇന്നത്തെ സാഹചര്യത്തിൽ അതിലൊട്ടും അത്ഭുതമില്ല.

ഭീകരവാദത്തെയും ഹിംസാപ്രവർത്തനങ്ങളെയും സംബന്ധിച്ച ഇസ്‌ലാമിന്റെ നിലപാട് പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിശദീകരിച്ച ശേഷം ഇന്ന് ഇന്ത്യയിലും ലോകത്തും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് പ്രചാരണങ്ങളും യാഥാർഥ്യവും തമ്മിലുള്ള അന്തരവും വൈരുധ്യവും വ്യക്തമാക്കി. 2002 നവംബർ 3-ന് അൻസൽ പ്ലാസയുടെ മുമ്പിലുണ്ടായ രണ്ടുപേരുടെ മരണത്തിനിടയാക്കിയ 'ഏറ്റുമുട്ടൽ', 2006 ജൂൺ ഒന്നിന് നാഗ്പൂർ ആർ.എസ്.എസ് കേന്ദ്രത്തിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ 'ഏറ്റുമുട്ടൽ', സൊറാബുദ്ദീൻ ശൈഖും ഭാര്യ കൗസർബിയും കോളേജ് വിദ്യാർഥിനി ഇസ്രത്ത് ജഹാനും സമീഅ് അലിയും ജാവേദ് ശൈഖും മറ്റും ക്രൂരമായി വധിക്കപ്പെട്ട സംഭവം, ജാമിഅ നഗറിലെ ബട്‌ല ഹൗസിൽ ഉണ്ടായ കൊലപാതകം തുടങ്ങിയ സംഭവങ്ങളുടെ നിജസ്ഥിതി തെളിവുകളുടെ പിൻബല

ത്തോടെ സമർപ്പിച്ചു. തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും സംബന്ധിച്ച സംശയങ്ങളും തെറ്റിദ്ധാരണകളും നീങ്ങിയ ശേഷമാണ് പരിപാടി അവസാനിപ്പിച്ചത്. പരിപാടിയിൽ പങ്കെടുത്തവർ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി സംഘാടകരെ ഏൽപിച്ചു. അവയിൽ ചിലത് ഇവിടെ ചേർക്കുന്നു:

1. ചില സംശയങ്ങളുമായാണ് ഇവിടെ വന്നത്. മുസ്‌ലിംകളുടെ തീവ്രവാദം, മുസ്‌ലിംകൾക്കിടയിലെ വിഭാഗീയത തുടങ്ങിയവ. ഇതിൽ പങ്കെടുത്തതോടുകൂടി ഈ സംശയങ്ങൾ ദൂരീകരിക്കപ്പെട്ടു.

2. വർഗീയതയും അസഹിഷ്ണുതയും അടക്കിഭരിക്കുന്ന സമൂഹത്തിൽ നല്ല മനുഷ്യരെ സൃഷ്ടിക്കാൻ സഹായിക്കുന്ന ഇത്തരം കൂട്ടായ്മകൾ അനിവാര്യമാണ്.

3. ഇത്തരം പരിപാടികൾ ഇനിയും നടത്തണം. എന്നാലേ ഇസ്‌ലാമിനെക്കുറിച്ച തെറ്റിദ്ധാരണകൾ ഇല്ലാതാക്കാനും വിഭാഗീയ പ്രവണതകൾ അവസാനിപ്പിക്കാനും സാധിക്കുകയുള്ളൂ.

4. വളരെ പ്രയോജനപ്രദമായ ഒത്തുചേരലാണ് ഇവിടെ നടന്നത്. ഭീകരത, തീവ്രവാദം പോലുള്ള പലതിനെ കുറിച്ചുമുണ്ടായിരുന്ന തെറ്റിദ്ധാരണകൾ നീങ്ങാനുപകരിച്ചു.

5. ഇസ്‌ലാംമിനെക്കുറിച്ച് ഇപ്പോൾ പ്രചരിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദം പോലുള്ള ആരോപണങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കാൻ സാധിച്ചു. അടിസ്ഥാനപരമായി മുസ്‌ലിംകളിലെ എല്ലാ വിഭാഗങ്ങളും ഒന്നാണെന്നും അനുഷ്ഠാന രീതികളിലുള്ള അഭിപ്രായവ്യത്യാസങ്ങളാണ് വിവിധ ഗ്രൂപ്പുകളുണ്ടാകാൻ കാരണമെന്നും ബോധ്യമായി.

## ഒരേ സംഭവം ഭിന്ന പ്രതികരണങ്ങൾ

നമ്മുടെ രാജ്യത്ത് സമീപകാലത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഇവിടത്തെ പ്രബലമായ മതസമൂഹങ്ങൾക്കിടയിൽ അവിശ്വാസവും അകൽച്ചയും സൃഷ്ടിക്കുന്നവയാണ്. ജാമിഅ നഗറിലെ ബട്‌ല ഹൗസിൽ ഡിഗ്രി വിദ്യാർഥിയായ അൽതാഫും പതിനേഴു വയസ്സു മാത്രമുള്ള സാജിദും വെടിയേറ്റ് കൊല്ലപ്പെട്ട സംഭവം മുസ്‌ലിംകളിൽ കടുത്ത ആശങ്കയും പ്രതിഷേധവും അരക്ഷിതബോധവും വളർത്താനിടയാക്കി. മുസ്‌ലിംകളായി പിറന്ന ഒറ്റക്കാരണത്താലാണല്ലോ നിരപരാധികളായ രണ്ടു ചെറുപ്പക്കാരെ പോലീസും ഭരണകൂടവും ക്രൂരമായി കൊലപ്പെടുത്തിയതെന്ന് അവർ വിശ്വസിക്കുന്നു. അതുണർത്തുന്ന എല്ലാ വികാരങ്ങളും ഉള്ളിലൊതുക്കി അസ്വസ്ഥരായി കഴിയുന്നു. മറുഭാഗത്ത് മറ്റുള്ളവർ ധരിക്കുന്നു, ഇത്ര ചെറുപ്പത്തിൽ തന്നെ ഈ മുസ്‌ലിം ചെറുപ്പക്കാർ ദൽഹിയിലും മറ്റും ബോംബുവെച്ച് നിരപരാധികളെ കൊല്ലുന്ന ഭീകര പ്രവർത്തകരായി മാറിയെങ്കിൽ ഇവരൊക്കെ വളർന്നാൽ എന്തായിരിക്കും ഈ നാടിന്റെ അവസ്ഥ? ഇത്തരം ദേശദ്രോഹികളെയും അവർക്ക് ജന്മം നൽകുന്ന സമുദായത്തെയും ഒരുനിലക്കും പൊറുപ്പിക്കാൻ പാടില്ല എന്ന്.



**വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ സൗഹൃദവും പരസ്പര വിശ്വാസവും ബഹുമാനവും സ്ഥാപിക്കാനും നിലനിർത്താനും ഇസ്‌ലാമികമായി തന്നെ ബാധ്യസ്ഥരായ മുസ്‌ലിംകൾ എല്ലാ ആലസ്യവും മറന്ന് ജാഗ്രതയോടെ രംഗത്തിറങ്ങേണ്ടിയിരിക്കുന്നു. സഹോദര സമുദായാംഗങ്ങളുമായി ഉറ്റബന്ധം സ്ഥാപിച്ചും നാട്ടിൽ നടക്കുന്ന ഭീകരാക്രമണങ്ങളുടെയും സ്ഫോടനങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും നിജസ്ഥിതിയും പ്രചാരണങ്ങളുടെ മറുവശവും ബോധ്യപ്പെടുത്തിയും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച തെറ്റിദ്ധാരണകൾ നീക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇത് മറ്റേതു പൊതുപ്രവർത്തനത്തെക്കാളുമേറെ പ്രധാനവും മഹത്തരവുമാണ്.**

ഉയർന്ന ശമ്പളം വാങ്ങുന്ന ഐ.ടി എഞ്ചിനീയർമാരെയും ഡോക്ടർമാരെയും ഭീകരവാദ മുദ്ര ചാർത്തി വേട്ടയാടുന്നത് കാണുമ്പോൾ മുസ്‌ലിംകൾ ഉറച്ചുവിശ്വസിക്കുന്നു, തങ്ങൾ പഠിച്ചുവളരുന്നതും ഉയരുന്നതും സഹിക്കാനാവാത്ത കൊടിയ വർഗീയവാദികളാണ് ഇതിനു പിന്നിൽ, സർക്കാറും മാധ്യമങ്ങളും അവർക്ക് കൂട്ടുനിൽക്കുകയാണ്, തങ്ങൾക്ക് ഉയർന്നുവരാനോ മാന്യമായി ജീവിക്കാനോ സാധിക്കാത്ത അവസ്ഥ രാജ്യത്ത് സൃഷ്ടിച്ചിരിക്കുന്നു എന്നെല്ലാം. വിദ്യാഭ്യാസമില്ലാത്ത കാലത്ത് മുസ്‌ലിംകളെ കൊണ്ട് വലിയ അപകടമുണ്ടായിരുന്നില്ല, നാലക്ഷരം പഠിച്ചതോടെ അവർ സ്വജീവിതത്തിന് ഭീഷണിയായി തീർന്നിരിക്കുന്നു, അവർ ഉയർന്നുവരാതിരിക്കുന്നതാണ് നല്ലത് എന്ന് മറ്റു വിഭാഗങ്ങളും ധരിക്കുന്നു.

നാലു മലയാളി മുസ്‌ലിംകൾ കശ്മീരിൽ വധിക്കപ്പെട്ടതുമായി ബന്ധപ്പെട്ട വാർത്തകളും വിശകലനങ്ങളും സൃഷ്ടിക്കുന്ന പ്രതികരണങ്ങളും ഭിന്നമല്ല. ഇസ്‌ലാമിനോടോ മുസ്‌ലിം സമുദായത്തോടോ പ്രത്യേക ബന്ധമോ പ്രതിബദ്ധതയോ പ്രകടിപ്പിക്കാത്ത ക്രിമിനൽ പശ്ചാത്തലമുള്ള ചെറുപ്പക്കാർ വഴിതെറ്റിക്കപ്പെട്ടതിന്റെ പേരിൽ തങ്ങളെയും തങ്ങളുടെ മതത്തെയും മതസ്ഥാപനങ്ങളെയും അപകീർത്തിപ്പെടുത്തുകയാണ് മാധ്യമങ്ങളും ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികളും ഭരണാധികാരികളുമെന്ന് മുസ്‌ലിംകൾ വേവലാതിപ്പെടുന്നു. ഏതെങ്കിലും രഹസ്യാന്വേഷണ വിഭാഗത്തിന്റെയോ അധോലോക സംഘത്തിന്റെയോ തീവ്രവാദികളുടെയോ ആത്മീയ വ്യാപാരികളുടെയോ ചതിയിൽ പെട്ട് ചില യുവാക്കൾ വഴിവിട്ട് സഞ്ചരിച്ചതിന് തങ്ങളെന്തു പിഴച്ചെന്ന് അവർ പരിതപിക്കുന്നു. അത് രോഷമായും പ്രതിഷേധമായും മാറുന്നു. അതേസമയം കശ്മീരിൽ പോയി മരിക്കാൻ മാത്രം രാജ്യദ്രോഹം ഉൾക്കൊണ്ട ദേശവിരുദ്ധരായ ഭീകരന്മാരുള്ള സമുദായമാണ് മുസ്‌ലിംകളെന്ന് ഹൈന്ദവ സഹോദരന്മാരിൽ വലിയൊരു വിഭാഗം ധരിക്കുന്നു.

ഇതൊക്കെയും സൃഷ്ടിക്കുന്ന പരസ്പര അവിശ്വാസവും അകൽച്ചയും എത്ര മാത്രം ശക്തവും തീവ്രവും അപകടകരവുമായിരിക്കുമെന്ന് പറയേണ്ടതില്ല. നിർഭാഗ്യവശാൽ അത്തരമൊരു അവസ്ഥയിലൂടെയാണ് നമ്മുടെ നാട് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഭരണകൂടത്തിന്റെയും നിയമപാലകരുടെയും മാധ്യമങ്ങളുടെയും തെറ്റായ സമീപനങ്ങളാണ് ഇത്തരമൊരു സാഹചര്യമൊരുക്കുന്നത്. സംഘ്പരിവാറിന്റെ പ്രഖ്യാപിത ലക്ഷ്യവും നയവും തന്നെ സാമുദായിക ധ്രുവീകരണം സൃഷ്ടിക്കലും ന്യൂനപക്ഷങ്ങളെ വേട്ടയാടലുമാണെന്നിരിക്കെ, അവർ അതിനായി ഭൂരിപക്ഷ സമൂഹങ്ങളിൽ ഭീതിയും ന്യൂനപക്ഷങ്ങളിൽ ആശങ്കയും അരക്ഷിതബോധവും

സൃഷ്ടിക്കുന്നതിലൊട്ടും അത്ഭുതമില്ല. എന്നാൽ ഇന്ത്യയിലെ ഏറ്റവും വലിയ മതേതര കക്ഷിയായി കണക്കാക്കപ്പെടുന്ന കോൺഗ്രസ്സും അതേവഴിയിൽ നീങ്ങുന്നുവെന്നതാണ് രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഭീഷണിയും. കോൺഗ്രസ് ഭരണകക്ഷി ആയേടത്തു മാത്രമല്ല, പ്രതിപക്ഷത്തിരിക്കുന്ന കേരളം പോലുള്ള പ്രദേശങ്ങളിലുംതീർത്തും നിരുത്തരവാദപരവും ദേശദ്രോഹപരവുമായ സമീപനമാണ് അവരുടെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. മുൻ കേരള മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവുമായ ഉമ്മൻ ചാണ്ടി എഴുതുന്നു: “കേരളം ഇന്ന് ഭീകരപ്രസ്ഥാനങ്ങളുടെ വളക്കൂറുള്ള മണ്ണാണ്. ഏതാനും നാളുകളായി അവർ കേരളത്തിൽ സൈ്വരവിഹാരം നടത്തുന്നു. നൂറുകണക്കിന് യുവാക്കളെ യാതൊരു തടസ്സവുമില്ലാതെയാണ് റിക്രൂട്ട് ചെയ്തത്. വാഗമൺ, നിലമ്പൂർ, പാനായിക്കുളം തുടങ്ങിയ പല പ്രദേശങ്ങളിലും ക്യാമ്പുകൾ നടന്നു. പട്ടാളമുറയിൽ അവർക്കു ശിക്ഷണം നൽകി. പാക് ഭീകരർ പോലും കേരളത്തിൽ തമ്പടിച്ചു. തീവ്രവാദി സ്പർശമുള്ള പല അനിഷ്ട സംഭവങ്ങളും ഉണ്ടായി. സംസ്ഥാനത്ത് കള്ളനോട്ടും സ്ഫോടകവസ്തുക്കളും ആയുധങ്ങളും വൻതോതിലെത്തി” (*മാതൃഭൂമി* ദിനപത്രം 2008 നവംബർ 4).

സത്യാവസ്ഥ സമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായത്ര തെളിവുകളും രേഖകളും ഇന്ന് ലഭ്യമാണ്. മതനിരപേക്ഷകരായ അവർഗീയരുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും ഇടപെടലുകളും പ്രസ്താവനകളും വസ്തുതാന്വേഷണ റിപ്പോർട്ടുകളും മാധ്യമങ്ങളുടെ പക്ഷപാതപരമായ നിലപാടു കാരണം ജനശ്രദ്ധയിൽ പെടുന്നില്ല. അവ ജനശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ തന്നെ ഒരു പരിധിയോളം തെറ്റിദ്ധാരണകളും പരസ്പര അവിശ്വാസവും നീങ്ങിപ്പോകും.

## ജനങ്ങളുമായി സംവദിക്കുക

നമ്മുടെ നാട്ടിലെ രാഷ്ട്രീയ പാർട്ടികളും ഉദ്യോഗസ്ഥ മേധാവികളും രഹസ്യാന്വേഷണ വിഭാഗങ്ങളും നിയമപാലകരും മാധ്യമങ്ങളുമൊക്കെ അവരുടെ ദുഷ്ടലക്ഷ്യങ്ങളിൽനിന്ന് പെട്ടെന്ന് മാറുമെന്ന് പ്രതീക്ഷിക്കുക വയ്യ. അതിനാൽ രാജ്യത്ത് സമാധാനവും, വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ സൗഹൃദവും പരസ്പര വിശ്വാസവും ബഹുമാനവും സ്ഥാപിക്കാനും നിലനിർത്താനും ഇസ്‌ലാമികമായി തന്നെ ബാധ്യസ്ഥരായ മുസ്‌ലിംകൾ എല്ലാ ആലസ്യവും മറന്ന് ജാഗ്രതയോടെ രംഗത്തിറങ്ങേണ്ടിയിരിക്കുന്നു. സഹോദര സമുദായാംഗങ്ങളുമായി ഉറ്റബന്ധം സ്ഥാപിച്ചും നാട്ടിൽ നടക്കുന്ന ഭീകരാക്രമണങ്ങളുടെയും സ്ഫോടനങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും നിജസ്ഥിതിയും പ്രചാരണങ്ങളുടെ മറുവശവും ബോധ്യപ്പെടുത്തിയും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച തെറ്റിദ്ധാരണകൾ നീക്കേണ്ടതുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഇത് മറ്റേതു പൊതുപ്രവർത്തനത്തെക്കാളുമേറെ പ്രധാനവും മഹത്തരവുമാണ്. വ്യക്തിസംഭാഷണങ്ങളും കൊച്ചു കൂട്ടായ്മകളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഇന്ത്യയുടെ അന്തരീക്ഷം അത്രയേറെ ചീത്തയായിക്കൊണ്ടിരിക്കുകയാണ്. കേരളവും ഇതിനപവാദമല്ല. സത്യാവസ്ഥ സമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായത്ര തെളിവുകളും രേഖകളും ഇന്ന് ലഭ്യമാണ്. മതനിരപേക്ഷകരായ അവർഗീയരുടെയും മനുഷ്യാവകാശ പ്രവർത്തകരുടെയും ഇടപെടലുകളും പ്രസ്താവനകളും വസ്തുതാന്വേഷണ റിപ്പോർട്ടുകളും മാധ്യമങ്ങളുടെ പക്ഷപാതപരമായ നിലപാടു കാരണം ജനശ്രദ്ധയിൽ പെടുന്നില്ല. അവ ജനശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ തന്നെ ഒരു പരിധിയോളം തെറ്റിദ്ധാരണകളും പരസ്പര അവിശ്വാസവും നീങ്ങിപ്പോകും. ചിലപ്പോഴെങ്കിലും കോൺഗ്രസ് നേതാക്കൾപോലും സത്യം തുറന്നു പറയാൻ നിർബന്ധിതരാവാറുണ്ടെന്നതും ഒരനുഗ്രഹം തന്നെ. കോൺഗ്രസ് ജനറൽ സെക്രട്ടറിയും മധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയുമായ ദിഗ്‌വിജയ് സിംഗിന്റെ പ്രസ്താവന ഇതിനുദാഹരണമാണ്. അദ്ദേഹം അഭിപ്രായപ്പെടുന്നു: “ബി.ജെ.പി പ്രശ്നത്തിലാകുമ്പോഴാണ് രാജ്യത്ത് സ്ഫോടനങ്ങളും തീവ്രവാദി ആക്രമണങ്ങളുമുണ്ടാകുന്നത്. മാലേഗാവ് സ്ഫോടനകേസിൽ എ.ബി.വി.പി പ്രവർത്തകയായിരുന്ന സന്യാസിനി പ്രജ്ഞാസിംഗ് താക്കൂർ അറസ്റ്റിലായതിനെ തുടർന്ന് ബി.ജെ.പി പ്രതിസന്ധിയിലായപ്പോഴാണ് അസം



സ്ഫോടനം. അതോടെ ഈ വിഷയത്തിൽനിന്ന് ശ്രദ്ധ തിരിക്കാനായി...

....ലോക്സഭയിൽ ബി.ജെ.പിയുമായി ബന്ധപ്പെട്ട് *തെഹൽക* വിവാദം ചർച്ച ചെയ്യാനിരിക്കെയാണ് പാർലമെന്റ് ആക്രമണം. തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാനും ബി.ജെ.പി സ്ഫോടനം ആയുധമാക്കി. കർണാടകത്തിൽ ഒന്നാം ഘട്ട തെരഞ്ഞെടുപ്പിന്റെ ദിവസം ഹൂബ്ലിയിൽ സ്ഫോടനമുണ്ടായി. രണ്ടാം ഘട്ട തെരഞ്ഞെടുപ്പിന് രണ്ടു ദിവസം മാത്രം അവശേഷിക്കെ രാജസ്ഥാനിലെ ജയ്പൂരിൽ സ്ഫോടനമുണ്ടായി” (*ദേശാഭിമാനി* ദിനപത്രം 2008 നവംബർ 4). ■